(ബി) ഇത്തരം കേസ്സുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലും കോടതിയിലേക്ക് നടപടികൾ എത്തിക്കുന്നതിലും പോലീസിന്റെഭാഗത്ത് കാലതാമസവും അനാസ്ഥയും ഉണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) സ്ത്രീകൾക്കുനേരെയുള്ള അതിക്രമകേസുകൾ രജിസ്റ്റർ ചെയ്യുന്നതിലും കുറ്റവാളികളെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിലും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്ത്രീകൾക്കുനേരെയുള്ള അതിക്രമകേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിലും കുറ്റവാളികളെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിലും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നുണ്ടെന്ന ഉറപ്പ് വരുത്തുന്നതാണ്.

കൊലചെയ്യപ്പെട്ട കോൺഗ്രസ് പ്രവർത്തകരുടെ വിവര

282 (292) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതു വരെയായി കോൺഗ്രസ് പ്രവർത്തകരാൽ കൊലചെയ്യപ്പെട്ട കോൺഗ്രസ്സ് പ്രവർത്തകർ ആരൊക്കെയാണ് ; അവരുടെ പേര് വെളിപ്പെടുത്താമോ ;

(ബി) ഈ കൊലപാതകകേസ്സുകളിൽ പ്രതിചേർക്കപ്പെട്ട കോൺഗ്രസ് പ്രവർത്തകർ ആരൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഇതിൽ ഏതെങ്കിലും കേസ് അന്വേഷണം സി.ബി.ഐക്ക് വിട്ടിട്ടുണ്ടോ ;

(ഡി) ഏതെല്ലാം കൊലപാതകം സംബന്ധിച്ച് പ്രത്യേകം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുവെന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ കോൺഗ്രസ് പ്രവർത്തകരായ ഹനീഫ S/o. കോയ, അണ്ടത്തോട് ചാലിൽ വീട്, ബേബി റോഡ്, മണത്തല, ചാവക്കാട്, തൃശ്ശൂർ, മധു S/o. ബാലകൃഷ്ണൻ നായർ, ഈച്ചരത്ത് വീട്, അയ്യന്തോൾ എന്നിവർ കോൺഗ്രസ് പ്രവർത്തകരാൽ കൊലചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഹനീഫയുടെ വധവുമായി ബന്ധപ്പെട്ട്,

1. ഷെമീർ S/o. ഉബൈദ്, കണ്ണൻ കേരൻ ബേബി റോഡ്, മണത്തല വില്ലേജ്, തിരുവത്ര ദേശം.
2. അൻസാർ S/o. ഹനീഫ, തൊണ്ടൻപിരി വീട്, മണത്തല വില്ലേജ്, പുത്തൻ കടപ്പുറം, തിരുവത്ര.
3. അഫ്സൽ S/o. നൂറുദീൻ, പുളിക്കൽ വീട്, പാവറട്ടി
4. ഷംസീർ S/o. ഷാഹു, പുതുവീട്ടിൽ വീട്, മണത്തല വില്ലേജ്, തിരുവത്ര പി. ഒ., പുത്തൻ കടപ്പുറം, താഴത്തെ പള്ളിക്കടുത്ത്.
5. റിൻഷാദ് S/o. റസാക്ക്, അമ്പലത്ത് വീട്ടിൽ, പുളിക്കൽ വീട്, പാവറട്ടി വില്ലേജ്, പുതുമനശ്ശേരി ദേശം.
6. ഫസലു @ ഫസലുദീൻ S/o. സെയ്തു മുഹമ്മദ്, കൊപ്പര വീട്ടിൽ ഹൗസ്, ബേബി റോഡ്, മണത്തല വില്ലേജ്.
7. സിദ്ദിഖ് S/o. അബ്ദുള്ളക്കുട്ടി, നാലകത്ത് പടുവിങ്കൽ ഹൗസ്, പാവറട്ടി വില്ലേജ്, പുതുമനശ്ശേരി.
8. സൈനുൽ ആബിദ് @ ആബിദ് S/o. സൈനുദീൻ നാലകത്ത് മഞ്ഞിയിൽ ഹൗസ്, പാവറട്ടി എന്നിവരെയും

മധുവിന്റെ വധവുമായി ബന്ധപ്പെട്ട്,

1. പ്രേം S/o. ജോർജ്ജ്, കൊള്ളന്നൂർ വീട്, കാർത്യായനി അമ്പലത്തിനടുത്ത്, അയ്യന്തോൾ.
2. പ്രവീൺ S/o. പരമേശ്വരൻ, വടക്കേകെന്നത്ത് ഹൗസ്, അയ്യന്തോൾ

എന്നിവരെയും പ്രതി ചേർത്തിട്ടുണ്ട്.

(സി) ഇതിൽ ഒരു കേസ്സിന്റെയും അന്വേഷണം സി.ബി.ഐ.-യ്ക്ക് വിട്ടിട്ടില്ല.

(ഡി) ഈ കേസ്സുകളിൽ ഗൂഢാലോചനാകുറ്റംചുമത്തി അന്വേഷണം നടത്തുന്നില്ല.

മാട്ടിറച്ചിയുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രചരണങ്ങൾ

283 (293) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാട്ടിറച്ചിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പശുക്കളെ കൊല്ലുന്നതും ഭക്ഷിക്കുന്നതും നിരോധിച്ചിട്ടുണ്ടോ ; മാട്ടിറച്ചി കൊണ്ടുവന്ന് ഭക്ഷിച്ചതിന് തൃശ്ശൂർ കേരള വർമ്മ കോളേജിൽ വിദ്യാർത്ഥികൾ ശിക്ഷിക്കപ്പെട്ടത് സർക്കാരിനറിയാമോ ;

(സി) മാട്ടിറച്ചിയുടെ മറവിൽ, അത് ഭക്ഷിക്കുന്നവരെ കുറിച്ച് നടത്തുന്ന പ്രചരണങ്ങളും പ്രവർത്തനങ്ങളും നടപടികളും നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മൗലികാവകാശ ധ്വംസനങ്ങളെയും മത-ജാതി വർഗീയ ഭീഷണിയേയും ചെറുക്കാനും സാമുദായിക സൗഹാർദ്ദാന്തരീക്ഷം ഉറപ്പാക്കാനും തയ്യാറാകുമോ ;

(ഇ) എങ്കിൽ പരിഗണനയിലുള്ള കർമ്മ പദ്ധതികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പശുക്കളെ കൊല്ലുന്നതും ഭക്ഷിക്കുന്നതും സംസ്ഥാനത്ത് നിരോധിച്ചിട്ടില്ല. മാട്ടിറച്ചി കൊണ്ടുവന്നു ഭക്ഷിച്ചതിന് തൃശ്ശൂർ കേരളവർമ്മ കോളേജിൽ ആരെയും സസ്പെന്റ് ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത സംഭവത്തെത്തുടർന്ന് എസ്.എഫ്.ഐ. - എ.ബി.വി.പി. പ്രവർത്തകർ തമ്മിലുണ്ടായ അടിപിടി കേസിൽ 14 വിദ്യാർത്ഥികളെ കോളേജ് അധികൃതർ സസ്പെന്റ് ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്.

(സി) നിയമവിരുദ്ധ പ്രവർത്തനങ്ങളുണ്ടായാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി&ഇ) സംസ്ഥാന പോലീസ് ഇക്കാര്യത്തിൽ നിയമാനുസരണം നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly